Digitally approved document; signature not required.
Document 2026/3394/1 - General - File No. 2026/525/1
Approved by Dean Student Affairs on 2026-01-13 15:21:56
http://www.kuhs.ac.in
MJHY-OnD-oqFH-JncI
KUHS, Thrissur

KERALA UNIVERSITY OF HEALTH SCIENCES

THRISSUR – 680 596

PHONE: 0487 – 2207650, 2207664 FAX: 0487 – 2206770

No : 525/DSA-A1/KUHS/2026 Date : 13-01-2026

## തിരഞ്ഞെടുപ്പ് വിജ്ഞാപനം

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ **സ്റ്റുഡൻറ്സ് യൂണിയൻ 2025-26 ജനറൽ കൗൺസിലിൽ നിന്നും**, ഒരംഗത്തെ ബോർഡ് ഓഫ് അഡ്ജ്യൂഡിക്കേഷൻ ഫോർ സ്റ്റുഡൻറ്സ് ഗ്രീവൻസസിലേക്കു, 2010 ലെ ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നിയമത്തിലെ അദ്ധ്യായം X, വകുപ്പ് 71, ഉപവകുപ്പ് 2 (iv) പ്രകാരവും സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ട് പാർട്ട് സി, ലിൻഡോ കമ്മിറ്റി നിർദ്ദേശങ്ങൾ അനുസരിച്ചും രഹസ്യ ബാലറ്റ് മുഖേന തിരഞ്ഞെടുപ്പ് നടത്തുവാൻ വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

12-01-2026 ൽ പ്രസിദ്ധീകരിച്ച അന്തിമ വോട്ടർ പട്ടികയിൽ (Final Electoral Roll) ഉൾപ്പെട്ട അംഗങ്ങൾക്ക് മാത്രമേ തിരഞ്ഞെടുപ്പിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ . ഏതെങ്കിലും കാരണവശാൽ പ്രസ്തുത അംഗത്വം തിരഞ്ഞെടുപ്പ് തിയതിക്ക് മുൻപ് നഷ്ടപ്പെടുന്നവർക്ക് തിരഞ്ഞെടുപ്പിൽ പങ്കെടുക്കുവാൻ അർഹതയില്ലാതായി തീരുന്നതാണ്.

വോട്ടർ പട്ടിക യൂണിവേഴ്സിറ്റിയുടെ നോട്ടീസ്ബോർഡിലും പരിശോധിക്കാവുന്നതാണ് . വിജ്ഞാപനത്തോടൊപ്പം പ്രസിദ്ധീകരിച്ചിട്ടുള്ള നാമനിർദ്ദേശ പത്രിക ഫോറവും നിർദേശങ്ങളും യൂണിവേഴ്സിറ്റിയുടെ വെബ്സൈറ്റ് ആയ www.kuhs.ac.in ൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ടായിരിക്കണം നാമ നിർദ്ദേശ പത്രിക സമർപ്പിക്കേണ്ടത്. നിർദേശങ്ങൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന നാമനിർദേശ പത്രികകൾ നിരസിക്കുന്നതാണ്. നാമനിർദേശ പത്രികകൾ 19-01-2026, 3.00 PM ന മുൻപായി റിട്ടേണിംഗ് ഓഫീസറുടെ കാര്യാലയത്തില് പ്രത്യേകമായി സജ്ജമാക്കിയ പെട്ടിയിൽ നിക്ഷേപിക്കാവുന്നതാണ്. നാമനിർദേശ പത്രിക അടങ്ങിയ കവറിന് പുറത്തു **"കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല സ്റ്റുഡൻറ്സ് യൂണിയൻ - 2025-26 ജനറൽ കൗൺസിലിൽ നിന്നും, ബോർഡ് ഓഫ് അഡ്ജ്യൂഡിക്കേഷൻ ഫോർ സ്റ്റുഡൻറ്സ് ഗ്രീവൻസസിലേക്കുള്ള തിരഞ്ഞെടുപ്പ്"** എന്ന് രേഖപ്പെടുത്തേണ്ടതാണ്.

സ്ഥാനാർത്ഥിക്കും സ്ഥാനാർഥി നിർദിഷ്ട അപേക്ഷഫോമിൽ ചുമതലപ്പെടുത്തിയ , വോട്ടർ പട്ടികയിൽ ഉള്ള ഒരു പ്രതിനിധിക്കും വരണാധികാരിയുടെ അംഗീകാരത്തോടു കൂടി നാമനിർദ്ദേശ പത്രികകൾ സൂക്ഷ്മ പരിശോധന നടത്തുന്ന സമയത്ത് സന്നിഹിതരാകാവുന്നതാണ്.

# <u>തിരഞ്ഞെടുപ്പ് കാര്യ പരിപാടി</u>

| | | |
|---|---|---|
| 1 | നാമ നിർദ്ദേശ പത്രികകൾ സമർപ്പിക്കേണ്ട അവസാന തിയതിയും സമയവും | 19-01-2026, 3.00 PM വരെ |
| 2 | നാമ നിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന തിയതിയും സമയവും | 19-01-2026, 3.45 PM |
| 3 | സാധുവായ നാമ നിർദ്ദേശം ചെയ്യപ്പെട്ട സ്ഥാനാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തിയതി | 20-01-2026, 10.30 AM |
| 4 | സ്ഥാനാർത്ഥിത്വം പിൻ വലിക്കുന്നതിനുള്ള അവസാന തിയതിയും സമയവും | 20-01-2026, 3.00 PM വരെ |
| 5 | മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തിയതി | 20-01-2026, 4.00 PM |
| 6 | തിരഞ്ഞെടുപ്പ് തിയതിയും സമയവും സ്ഥലവും | 24-01-2026, 10.30 A.M മുതൽ 1.30 P.M വരെ, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ആസ്ഥാനത്തെ ഇവാല്യവേഷൻ സെൻ്റർ,മുളങ്കുന്നതുകാവ്,തൃശ്ശൂർ,പിൻ.680596 |
| 7 | വോട്ടെണ്ണൽ നടത്തുന്ന തിയതിയും സമയവും | 24-01-2026, 2.30 PM മുതൽ |
| 8 | ഫല പ്രഖ്യാപനം നടത്തുന്ന തിയതി | 24-01-2026 (വോട്ടെണ്ണൽ കഴിഞ്ഞാലുടൻ) |

ഡീൻ സ്റ്റുഡൻ്റ് അഫയേഴ്സ് & റിട്ടേണിംഗ് ഓഫീസർ

ഉള്ളടക്കം:- നാമനിർദ്ദേശ പത്രിക, നിർദ്ദേശങ്ങൾ, നാമനിർദ്ദേശ പത്രിക പിൻ വലിക്കുന്നതിനുള്ള അപേക്ഷ.

Document 2026/3394/1 - General - File No. 2026/525/1
Approved by Dean Student Affairs on 2026-01-13 15:21:56
Digitally approved document; signature not required.
http://www.kuhs.ac.in
MJHY-OnD-oqFH-JncI
KUHS, Thrissur